# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1370

15-06-2012 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കൽ

**ചോദ്യം**

ശ്രീ.എ.കെ.ബാലൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി, സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി, മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള കുട്ടനാട് പാക്കേജ് പദ്ധതി, കോൺട്രാക്ട് ഫാമിംഗ് എന്നീ പദ്ധതികൾ 2011-12 വർഷം നടപ്പിലാക്കി.

സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ് 1.715 ലക്ഷം ഹെക്ടറിലും തരിശുനില കൃഷി 2516 ഹെക്ടറിലും നടപ്പിലാക്കി. സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കരനെൽകൃഷി 6539 ഹെക്ടറിലും തരിശുനിലകൃഷി 732 ഹെക്ടറിലും നടപ്പിലാക്കി. വടക്കാഞ്ചേരി മോഡൽ പദ്ധതി പ്രകാരം 12 ബ്ലോക്കുകളിൽ ഉൾപ്പെടെ 3000 ഹെക്ടറിൽ വടക്കാഞ്ചേരി മോഡൽ പദ്ധതി നടപ്പിലാക്കി. സുഗന്ധ നെല്ലിനങ്ങളുടെ കൃഷി 858 ഹെക്ടറിൽ നടപ്പിലാക്കി. മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസന പദ്ധതി പ്രകാരം ഉല്പാദന ഉപാധികളായ വിത്ത്, സൂക്ഷ്

വളം, സസ്യസംരക്ഷണ മരുന്നുകൾ എന്നിവയ്ക്കുള്ള സഹായം ഡമോൺസ്ട്രേഷനുകൾ, ഫാംഫീൽഡ് സ്കൂളുകൾ എന്നിവ നടപ്പിലാക്കി. കുട്ടനാട് പാക്കേജ് 13ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തരിശുനിലകൃഷി 125 ഹെക്ടറിലും കോൺട്രാക്ട് ഫാമിംഗ് പ്രകാരം തരിശുനിലകൃഷി 34 ഹെക്ടറിലും നടപ്പിലാക്കി.

2012-13 വർഷം ഗ്രൂപ്പ്ഫാമിംഗ് പദ്ധതി, കരനെൽകൃഷി, നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായം, നൂതന സാങ്കേതിക വിദ്യകളുടെ ഡമോൺസ്ട്രേഷനുകൾ, പി.ററി.പി.എസ്.ആർ.ഐ പദ്ധതി, പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി, മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസനം, ഉല്പാദന ബോണസ്, നെല്ല് സംഭരണം, ഉയർന്ന ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എത്രരൂപ എന്നുമുതലാണ് വർദ്ധിപ്പിച്ച് നൽകിയത്?

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. 26/02/2011 ലെ സർക്കാർ ഉത്തരവ് പ്രകാരം നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 14 രൂപയായിരുന്നത് ഈ സർക്കാർ അധികാരമേറ്റ ശേഷം 31/08/2011 ലെ സർക്കാർ ഉത്തരവ് പ്രകാരം കിലോയ്ക്ക് 15 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ